**ശ്രദ്ധക്ഷണിക്കൽ**

(1) <u>ജലസ്രോതസ്സുകൾ സംരക്ഷിക്കൽ</u>

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ജലസ്രോതസ്സുകളുടെ സംരക്ഷണത്തിലൂടെ കാർഷിക മേഖലയിലും, കുടിവെള്ളത്തിനും, നിത്യോപയോഗത്തിനും ജലലഭ്യത ഉറപ്പുവരുത്തണം എന്ന വിഷയമാണ് ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ വയ്ക്കുന്നത്. ഇത് പറയുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് ഇഞ്ചക്കാട് ബാലചന്ദ്രൻ രചിച്ച്, നമ്മുടെ പ്രിയങ്കരിയായ ഗായിക പ്രസീദ ആലപിച്ച കാവ്യമാണ്.

"ഇനി വരുന്നൊരു തലമുറയ്ക്ക്
ഇവിടെ വാസം സാധ്യമോ
മലിനമായ ജലാശയം, അതി
മലിനമായൊരു ഭൂമിയും"

അതാണ് ഇവിടെ സംഭവിക്കാൻ പോകുന്നത്. നല്ല വെള്ളം, നല്ല വായു, നല്ല മണ്ണ്, നല്ല വളം, നല്ല വിള, നല്ല സംസ്കാരം എന്നതാണ് നമ്മുടെ ആഗ്രഹം. എന്നാൽ ഈ ആഗ്രഹം എത്രമാത്രം നമ്മുടെ ചുറ്റുപാടിലും യാഥാർത്ഥ്യമാകുന്നുണ്ടെന്ന് പരിശോധിക്കണം. കോവിഡ് മഹാമാരിയെ പോലെ തന്നെ കഴിഞ്ഞ ഏതാനും ദിവസങ്ങളായി പ്രളയ ദുരന്തവും

കേരളത്തിൽ വിറങ്ങലിച്ചുകൊണ്ടിരിക്കുകയാണ്. വർഷകാലത്ത് വെള്ളപ്പൊക്കം, വേനൽ കാലത്ത് വരൾച്ച, എന്നതാണ് സംസ്ഥാനത്തിന്റെ അവസ്ഥ. രാജ്യത്ത് ഏറ്റവും കൂടുതൽ കിണറുള്ള കേരളത്തിൽ ജലജീവൻ മിഷനും മറ്റ് ആസൂത്രണ പദ്ധതികളും നമ്മുടെ കുടിവെള്ളപ്രശ്നം പരിഹരിച്ചുവരുന്നുണ്ട്. എന്നാൽ കാർഷിക മേഖലയുടെ സ്ഥിതി പരിതാപകരമാണ്. ഒരു വിള മാത്രം കൃഷി നടത്തിയിരുന്ന എന്റെ നിയോജകമണ്ഡലത്തിലെ നാല് പഞ്ചായത്തുകളിൽ, തോടുകൾ സംരക്ഷിച്ചതിന്റെ ഭാഗമായി മൂന്ന് വിള കൃഷി നടത്താനും അവർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കിയെടുക്കാനും സാധിച്ചിട്ടുണ്ട്. അത് എല്ലായിടവും പ്രാവർത്തികമാക്കാൻ സാധിക്കണം. വിസ്തൃതിയിൽ മലബാറിലെ ഏറ്റവും വലിയ കുളമാണ് കുത്തുപറമ്പിലെ കോട്ടയം മലബാർ ഗ്രാമപഞ്ചായത്തിലെ തൃക്കൈക്കുന്ന് ക്ഷേത്രക്കുളം. സഹസ്രസരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി ഇത് സംരക്ഷിച്ചതിലൂടെ ഉദ്ദേശം 800-ൽ അധികം വീടുകളിലെ കിണറുകളിൽ ഭൂഗർഭജല സമ്പത്ത് വർദ്ധിപ്പിക്കാനും വേനൽകാലത്ത് കിണറുകളിൽ സുലഭമായി വെള്ളം നിലനിർത്താനും സാധിച്ചു. എല്ലാ ജില്ലകളിലേയും പല കുളങ്ങളും ഇത് പോലെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

കേരളത്തിൽ 68 ലക്ഷത്തോളം ഗ്രാമീണ വീടുകളുണ്ട്. ഇപ്പോഴും 50 ശതമാനം വീടുകൾക്ക് കുടിവെള്ള കണക്ഷൻ എത്തിക്കാൻ സാധിച്ചിട്ടില്ല. അവർ കിണറുകളെയാണ് ആശ്രയിക്കുന്നത്. ഭൂഗർഭജല സമ്പത്ത് വർദ്ധിപ്പിച്ചാൽ മാത്രമെ കിണറുകൾ സമ്പുഷ്ടമാകുകയുള്ളൂ. ജലസമ്പത്ത് സംരക്ഷിക്കുക, പരിപോഷിപ്പിക്കുക എന്നതാണ് അതിന് പരിഹാരം. നാണ്യവിളകളും മറ്റ് കൃഷികളും കൂപ്പുകുത്തിത്തുടങ്ങുകയാണ്. മണ്ണിന്റെ ഘടനയും താപനിലയും മാറിയത് ഉല്പാദനത്തെ സാരമായി ബാധിക്കുകയാണ്. കർഷകർക്കായി പല പദ്ധതികളുമുണ്ട്. എന്നാൽ വയനാട് പോലുള്ള പല ജില്ലകളിലും പല രീതിയിലുള്ള ജലസ്രോതസ്സുകൾക്ക് വേണ്ടിയുള്ള തെരച്ചിൽ നടത്തുകയാണ്. തോടുകൾ, അരുവികൾ, പുഴകൾ എന്നിവ നാടിന്റെ സമ്പത്താണ്. അവയുടെ ഇരുവശവും കെട്ടിസംരക്ഷിക്കണം. ജലസ്രോതസ്സുകളുടെ സംരക്ഷണം വഴി വേണ്ടത്ര വെള്ളം ലഭിക്കാനും കാര്യക്ഷമമായി കൈകാര്യം ചെയ്യാനും ജലമലിനീകരണം നിയന്ത്രിക്കാനും പ്രകൃതി ദുരന്തങ്ങൾ ലഘൂകരിക്കാനും സാധിക്കും. നഗരവല്ക്കരണവും കാലാവസ്ഥാ വ്യതിയാനവും ഭൂഗർഭജലക്കുറവും വഴി വരുംകാലഘട്ടങ്ങിൽ നിരന്തരം ജലസമ്മർദ്ദം വർദ്ധിപ്പിക്കും. അടുത്ത

ലോകമഹായുദ്ധം ജലത്തിന് വേണ്ടിയാണെന്നുള്ള വാദം തള്ളിക്കളയാൻ കഴിയില്ല. 2025 ഓടെ രൂക്ഷമായ ജലക്കമ്മി കാർഷിക മേഖലയെയും ബാധിക്കും. ഇത് വളരെ വിദൂരമല്ല. ഈ സഭയുടെ കാലാവധി കഴിയുന്നതിന് മുമ്പുള്ള കാലമായാണ് പറയുന്നത്. നാല് വർഷം കൊണ്ട് തന്നെ ഇത് സംഭവിക്കുമെന്നും ഇത് ബാധിക്കുന്നത് ആഫ്രിക്കൻ ഏഷ്യൻ രാജ്യങ്ങളെയാണെന്നാണ് വിദഗ്ദർ പറയുന്നത്. ഈ നിർദ്ദേശത്തെ ഗൗരവപൂർവ്വം കണക്കിലെടുക്കണം. എന്റെ അപേക്ഷ പരിഗണിച്ച് ഈ വിഷയം സൂക്ഷ്മമായി പരിശോധിക്കുന്നതിനാണ് ഞാൻ ബഹുമാനപ്പെട്ട സഭയെ ഈ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചത്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. ഭൂവിനിയോഗത്തിലും ജീവിതശൈലിയിലും ഉണ്ടായ മാറ്റമാണ് സംസ്ഥാനത്തെ നദികളും തോടുകളും ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിലും കായലുകളിലും അനിയന്ത്രിതമായ തോതിൽ മാലിന്യം അടിയുന്നതിന് കാരണമാകുന്നത്. ജലഗുണനിലവാരം താഴ്ന്നത് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതിനും കാരണമാകുന്നു. മാലിന്യ പ്രശ്നങ്ങൾ പരിഹരിച്ച്

വരും തലമുറയ്ക്ക് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് വിവിധ വകുപ്പുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഏകോപനത്തോടുകൂടിയ പ്രവർത്തനം ആവശ്യമാണ്. ജലമലിനീകരണം കുറയ്ക്കുന്നതിനുള്ള മാർഗ്ഗമായി കണക്കാക്കുന്നത്; മലിന്യ രൂക്ഷത ലഘൂകരണം ലക്ഷ്യമിട്ട് നദികളിലെ ജലലഭ്യത വർദ്ധിപ്പിച്ച് സ്ഥായിയായി നിലനിർത്തുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി തടയണകൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച് വേനൽക്കാലത്തും നീരൊഴുക്ക് നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. നദികളിലെ നിലവിലുള്ള പ്രശ്നങ്ങൾ പ്രാഥമിക വിവരശേഖരണത്തിലൂടെ കണ്ടെത്തുന്നതിന് 44 നദികളുടെ നദീഭാഗങ്ങളുടെ ചുമതല ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. വിവരശേഖരണവുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുമുണ്ട്. കൂടാതെ ജലസേചന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് വളരെ അത്യാവശ്യമുള്ള നദീഭാഗങ്ങളിലെ തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 'ഹരിതകേരളം

മിഷൻ'-ന്റെ ഉപമിഷനായ 'ജലസമൃദ്ധി'-യുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം, പുനരുദ്ധാരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതോടൊപ്പം നദികളിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിൽ ചെറുതടയണകൾ, വെന്റ് ക്രോസ് ബാറുകൾ നിർമ്മിച്ച് നീരൊഴുക്ക് സ്ഥായിയായി ഭൂജലപോഷണവും സാധ്യമാക്കുന്നു. കൂടാതെ, നദികൾക്ക് കുറുകെയുള്ള പാലങ്ങളിൽനിന്ന് മാലിന്യം നേരിട്ട് ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നത് തടയുന്നതിനായി പാലങ്ങളിലെ കൈവരികളോട് ചേർന്ന് കമ്പിവേലി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനവും ധനലഭ്യതയ്ക്കനുസരിച്ച് നിർവ്വഹിച്ചുവരുന്നു. ഇതോടൊപ്പം മനുഷ്യജന്യ നിർമ്മിതികളായ ഡാമുകൾ, തടയണകൾ, റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയ ചെളി, എക്കൽ, മണൽ, മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് സംഭരണ ശേഷി പുനഃസ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുക എന്നീ പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്. ഇതിനുപുറമേ, ജലസ്രോതസ്സുകൾ

കൂടുതൽ മലിനപ്പെടുത്തുന്നവർക്കുള്ള ശിക്ഷാനടപടികൾ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമം പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. 2018-ലെ നിയമഭേദഗതി പ്രകാരം ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് ചുമത്തേണ്ട പിഴ 35,000 രൂപയിൽനിന്ന് 2 ലക്ഷം രൂപയായും 2 വർഷം തടവ് എന്നത് 3 വർഷമായും ഉയർത്തിയിട്ടുണ്ട്. ഗാർഹിക മാലിന്യവും വാണിജ്യ വ്യവസായ മാലിന്യങ്ങളും ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കുന്നതാണ് മലിനീകരണത്തിന് ശാശ്വതമായ പരിഹാരം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ, ഇറിഗേഷൻ, ഹെൽത്ത്, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ വകുപ്പുകളുടെ സംയോജിത നടപടികളിലൂടെ മാത്രമെ നദികളുടെ മലിനീകരണം തടയാൻ സാധ്യമാകുകയുള്ളൂ.

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ 44 നദികളുടെ കാര്യം പറഞ്ഞു. അതുപോലെ കുളങ്ങളും കുട്ടനാട് പോലെയുള്ള പ്രദേശങ്ങളും സംസ്ഥാനത്തുണ്ട്. അവിടെ ജലസംരക്ഷണം ഉറപ്പ് വരുത്തണം. അതിന് ബഹുമാനപ്പെട്ട മന്ത്രി

പറഞ്ഞതുപോലെ എല്ലാ അരുവികളിലും തോടുകളിലും തടയണകൾ ഉണ്ടാക്കണം. അത്തരത്തിൽ തടയണകൾ ഉണ്ടാക്കിയാൽ അവിടെ ജലം സംരക്ഷിക്കപ്പെടും. അങ്ങനെ ജലം സംരക്ഷിക്കാൻ തടയണകൾ നിർമ്മിക്കാനും ആ പ്രദേശത്തുള്ള തോടുകളുടെ ഭിത്തി കെട്ടിക്കൊണ്ട് സംരക്ഷിക്കുവാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ആ നിർദ്ദേശം പരിഗണനയിലുണ്ട്. പക്ഷേ സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ചുള്ള നടപടികൾ പൂർത്തീകരിക്കും. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ കുറേ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതുംകൂടി നടപ്പിലാക്കും.

(2) റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, ശബരിമല തീർത്ഥാടന കാലം ആരംഭിക്കുന്നതിന് മുമ്പായി കേരളത്തിലെ പ്രധാനപ്പെട്ട റോഡുകൾ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടി ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നത്.

സംസ്ഥാനത്ത് മഴയുടെ അളവ് വർദ്ധിക്കുകയും സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുകയും ചെയ്യുന്നതിനെ തുടർന്ന് വിവിധ ജില്ലകളിൽ നിരവധി റോഡുകൾ സഞ്ചാര യോഗ്യമല്ലാത്ത വിധത്തിൽ തകർന്നുകിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പൊതുപ്രാധാന്യമുള്ള സംസ്ഥാന പാതകളും മേജർ ഡിസ്ട്രിക്റ്റ് റോഡുകളും യാത്ര ചെയ്യാൻ കഴിയാത്ത വിധത്തിൽ കുഴികൾ രൂപപ്പെട്ട് ദയനീയ സ്ഥിതിയിലായിരിക്കുന്നതിന്റെ പരാതികൾ എല്ലാ ജില്ലകളിലും വിവിധ മാധ്യമങ്ങൾ തുടർച്ചയായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശബരിമല തീർത്ഥാടന കാലം, നവംബർ മാസം 17-ാം തീയതി (വൃശ്ചികം 1-ന്) ആരംഭിക്കുകയാണ്. ഇപ്പോഴും ശക്തമായ മഴ തുടരുകയും ചെയ്യുന്നു. ഇതിനിടയിൽ റോഡുകളുടെ നവീകരണം വളരെ ശ്രമകരമായ ജോലിയാണ് എന്നതിൽ തർക്കമില്ല. ഇതിന്റെ ഗൗരവം കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

പഞ്ചായത്ത് തെരഞ്ഞെടുപ്പും നിയമസഭാ തെരഞ്ഞെടുപ്പുമെല്ലാം കഴിയുകയും പുതിയ ഗവൺമെന്റ് അധികാരത്തിൽ വരികയും ചെയ്തു.

ഇതേത്തുടർന്നുണ്ടായ കാലതാമസത്തിന്റെ ഫലമായി റോഡ് പ്രവൃത്തികൾ ക്രമീകരിക്കുന്നതിൽ കാലതാമസം ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ ഗവൺമെന്റ് വന്നതിനുശേഷം തകർന്ന റോഡുകൾക്ക് ഫണ്ട് കൊടുക്കാനും കാര്യങ്ങൾ ചെയ്യുന്നതിനുമുള്ള നടപടി ഉണ്ടായില്ല എന്നതാണ് ഞാൻ പ്രധാനമായും ചൂണ്ടിക്കാണിക്കുന്നത്. ശബരിമല റോഡുകൾക്ക് കഴിഞ്ഞ ആഴ്ച പുതിയ ഭരണാനുമതി കൊടുത്തു. അത് വളരെ നേരത്തെ കൊടുക്കേണ്ടതായിരുന്നു എന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് റ്റി.എസ്. കൊടുത്ത് എത്രയുംപെട്ടെന്ന് ടെണ്ടർ ചെയ്യാനുള്ള സാഹചര്യമുണ്ടാക്കണം. എത്രയും പെട്ടെന്ന് ഈ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്ന് പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്.

അതോടൊപ്പം എല്ലാ ജില്ലകളിലുമുള്ള റോഡുകൾ; ജില്ലയിലെ എം.എൽ.എ.-മാരുടെ യോഗം ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുകൂട്ടി ചർച്ച ചെയ്തത് വളരെ നല്ല കാര്യമാണ്. അവിടെ എം.എൽ.എ.-മാർ നിർദ്ദേശിച്ച പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി കൊടുത്തിട്ടില്ല. വിവിധ ജില്ലകളിലും അസംബ്ലി മണ്ഡലങ്ങളിലുമുള്ള റോഡുകളെല്ലാം തകർന്ന സ്ഥിതിയിൽ

കിടക്കുകയാണ്. യാത്ര ചെയ്യാൻ കഴിയാത്ത വിധത്തിൽ വളരെയേറെ കുഴികൾ രൂപപ്പെട്ട് നിരവധി അപകടങ്ങളും മരണങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ജില്ലകളിൽനിന്നുള്ള ലിസ്റ്റ് ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത ലിസ്റ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഗവൺമെന്റിലേയ്ക്ക് നൽകുകയുണ്ടായി. അതിന് ജില്ലാ തലത്തിലുള്ള റോഡുകൾ ഉൾപ്പെടെയുള്ള വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള ഫണ്ട് ഗവൺമെന്റ് ഇതുവരെ റിലീസ് ചെയ്തിട്ടില്ല. അത് എത്രയുംപെട്ടെന്ന് ചെയ്യേണ്ടത് സംസ്ഥാനത്തിന്റെ പൊതുആവശ്യമായി നിൽക്കുന്നു. അസംബ്ലി മണ്ഡലങ്ങളിൽ എം.എൽ.എ.-മാരെ ഏറ്റവുംകൂടുതൽ ബാധിക്കുന്ന പ്രശ്നമായി ഇത് നിലനിൽക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ എത്രയുംപെട്ടെന്ന് പുതുതായി ഫണ്ടും ഭരണാനുമതിയും കൊടുക്കാനുള്ള നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യം, കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി ഓരോ നിയോജക മണ്ഡലാടിസ്ഥാനത്തിലാണ് പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നത്. ഒന്നുകിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ എന്ന

നിലയിലേയ്ക്ക് ഫണ്ട് നൽകണം; അല്ലെങ്കിൽ ജില്ലാടിസ്ഥാനത്തിലേയ്ക്ക് ഫണ്ട് നൽകണം. അത് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും തീരുമാനിക്കട്ടെ. പക്ഷേ, കാര്യം നടക്കുക എന്നതാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഇതുവരെ അതിനുള്ളൊരു നടപടിയിലേയ്ക്ക് വന്നിട്ടില്ല. അത് എത്രയുംവേഗമുണ്ടാകണം എന്ന് അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട വിഷയം, ഇതുവരെ പി.ഡബ്ല്യൂ.ഡി. റോഡ്സ് വിഭാഗമാണ് റോഡുകളുടെ മെയിന്റനൻസ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടത്തിയിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി അതിലൊരു ഭേദഗതി വരുത്തിക്കൊണ്ട് പുതുതായി ഒരു മെയിന്റനൻസ് വിംഗ് രൂപീകരിച്ചു. പ്രസ്തുത മെയിന്റനൻസ് വിംഗാണ് ഇപ്പോൾ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടത്. മേജർ റീ-ടാറിംഗ് ഉൾപ്പെടെയുള്ള വർക്കുകൾ റോഡ്സ് വിഭാഗം നടത്തുകയാണ്. ഇപ്പോൾ രണ്ട് കാര്യങ്ങളും നടക്കുന്നില്ല എന്നൊരു സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. കാരണം, ഫണ്ട് കിട്ടാത്തതുകൊണ്ട് റീ-ടാറിംഗ് വർക്കുകൾ ക്രമീകരിക്കാൻ കഴിയുന്നില്ല. ബഡ്ജറ്റ് വർക്കുകൾക്കുൾപ്പെടെ സാങ്ഷൻ ലഭിച്ചിട്ടില്ല. അതുകൊണ്ട് റീ-ടാറിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ റോഡ്സ് വിഭാഗത്തിന് ഒന്നും

ചെയ്യാൻ കഴിയുന്നില്ല. മെയിന്റനൻസ് വിഭാഗമാണ് അറ്റകുറ്റപ്പണികൾ ചെയ്യേണ്ടത് എന്ന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും നിർദ്ദേശം കൊടുത്തിട്ടുണ്ടെങ്കിലും അവർക്കും ആവശ്യമായ ഫണ്ടും നിർദ്ദേശവും ലഭിച്ചിട്ടില്ല. അതുകൊണ്ട് മെയിന്റനൻസ് വിംഗിന് ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് ഇടപെടാൻ സാധിക്കുന്നില്ല. രണ്ട് കൂട്ടരും ഇപ്പോൾ എന്താണ് ചെയ്യേണ്ടതെന്നത് സംബന്ധിച്ച് അവ്യക്തത നിൽക്കുന്നു. ഈ അവ്യക്തത പരിഹരിച്ചുകൊണ്ട് മെയിന്റനൻസ് വിംഗിനെ ശക്തിപ്പെടുത്തി, ബഹുമാനപ്പെട്ട മന്ത്രി ലക്ഷ്യം വച്ചതുപോലെ അതിന്റെ റിസൾട്ട് ഉണ്ടാകാൻ കഴിയുന്ന വിധത്തിലുള്ള നടപടികളും ഇടപെടലുകളും ഉണ്ടാകണമെന്ന് പ്രത്യേകമായി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

അതുപോലെ സംസ്ഥാനത്തൊട്ടാകെ വളരെ ഗുരുതരമായൊരു സ്ഥിതിവിശേഷമെന്നു പറയുന്നത്; അങ്ങ് ഉൾപ്പടെ നമ്മളെല്ലാവരും ഒരുപോലെ അനുഭവിക്കുകയും ബാധിക്കുകയും ചെയ്യുന്നതും പരിഹരിക്കപ്പെടേണ്ടതുമായ ഒരു വിഷയം എന്ന നിലയിൽ ഏതാനും മിനിട്ട് അങ്ങ് എനിക്ക് തരണമെന്ന് അഭ്യർത്ഥിക്കുകയാണ്. റോഡ് നിർമ്മാണ കാര്യങ്ങൾ ഇനി നടപ്പാക്കണമെങ്കിൽ വിവിധങ്ങളായ പ്രശ്നങ്ങൾകൂടി

ഗവൺമെന്റ് പരിഹരിക്കേണ്ടതായിട്ടുണ്ട്. കരാറുകാരുടെ സംഘടനകളുമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ചർച്ചകൾ നടത്തുകയുണ്ടായി. വളരെ നല്ല ഇടപെടലുകൾ അക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ കമ്പിയുടെയും സിമെന്റിന്റെയും ടാറിന്റെയും വില അന്യായമായി വർദ്ധിച്ചിരിക്കുകയാണ്. അമിതമായ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. എസ്റ്റിമേറ്റ് റേറ്റും ഇപ്പോൾ നടപ്പാക്കുന്നതിൽ ഉണ്ടാകുന്ന റേറ്റും തമ്മിലുള്ള വലിയ വ്യത്യാസം ഒരു പ്രധാന പ്രശ്നമായി വന്നിരിക്കുകയാണ്. കോസ്റ്റ് ഡിഫറൻസ് പരിഹരിക്കുന്നതിന് നേരത്തെ  സംസ്ഥാനത്ത് നടപടികൾ എടുത്തിട്ടുണ്ട്. ഞങ്ങളൊക്കെ പി.ഡബ്ല്യൂ.ഡി. മന്ത്രിമാരായിരുന്ന സമയത്ത്; ബഹുമാനപ്പെട്ട പി. ജെ. ജോസഫ് സാർ, ഡോ. എം. കെ. മുനീർ ഒക്കെയിരുന്ന സമയങ്ങളിൽ; ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതുപോലെ ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രി ആയിരിക്കുമ്പോഴും ഈ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാര നടപടി ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രിയോടും ചൂണ്ടിക്കാണിക്കാനുള്ളത്, കോസ്റ്റ് ഡിഫറൻസിന്റെ

പ്രശ്നം ഗവൺമെന്റ് അഡ്രസ് ചെയ്തിട്ടുണ്ട്, അത് ചർച്ച ചെയ്തിട്ടുണ്ട്. അതിന് പരിഹാരം ഉണ്ടാക്കാൻ കഴിയുന്ന വിധത്തിലുള്ള തുടർനടപടി ഉണ്ടായിട്ടില്ല. സർക്കാർ തലത്തിൽ ഉത്തരവുകൾ ഇറങ്ങിയിട്ടില്ല. തീരുമാനങ്ങൾ എടുത്തെങ്കിലും അതിന്റെ തുടർനടപടികൾ ഉണ്ടായിട്ടില്ല. അത് എത്രയുംപെട്ടെന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു കാര്യംകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ റോഡ് നിർമ്മാണ രംഗത്ത് മാറ്റങ്ങൾ വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. നേരത്തേ നമ്മൾ ചെയ്തുകൊണ്ടിരുന്ന റോഡ് നിർമ്മാണരീതിയിൽ കാലാനുസൃതമായ മാറ്റം അനിവാര്യമായിരിക്കുകയാണ്. സാധാരണപോലെ റോഡ് ടാറിംഗ് നടത്തിയാലും ആഴ്ചകൾ കഴിയുമ്പോൾ റോഡ് പൊളിഞ്ഞ് നശിച്ചുപോകുകയാണ്. അതുകൊണ്ട് കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ റോഡ് നിർമ്മാണ രംഗത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠിക്കുവാനും അതിന്റെയടിസ്ഥാനത്തിൽ പുതിയ തീരുമാനങ്ങളെടുക്കുവാനും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും

നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരുകാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം..

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്, അങ്ങ് ഒരുകാര്യം എന്നുപറഞ്ഞുകൊണ്ട് ഒരുപാട് കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു.

ശ്രീ. മോൻസ് ജോസഫ്: സർ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.റ്റി.പി. (Kerala State Transport Project) കുറെയേറെ കാര്യങ്ങൾ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് പ്രസ്തുത പ്രഖ്യാപനം വന്നത്. എന്റെ മണ്ഡലത്തിലെതന്നെ പട്ടിത്താനം മുതൽ കുത്താട്ടുകുളം വരെയുള്ള എം. സി. റോഡിന്റെ ഭാഗം ആക്സിഡന്റ് സ്പോട്ടാണ്. പ്രസ്തുത ഭാഗത്തെ റോഡ് നവീകരണ പ്രവൃത്തികൾ നടന്നുകഴിഞ്ഞു. തുടർച്ചയായുണ്ടാകുന്ന ആക്സിഡന്റിൽ നിരവധി മരണങ്ങൾ സംഭവിക്കുന്നുണ്ട്. റോഡ് സുരക്ഷയുടെ കാര്യത്തിൽ കാര്യമായി ഒന്നും ചെയ്യാൻ നമുക്ക് സാധിച്ചിട്ടില്ല. അപകടം കുറയ്ക്കുന്നതിന് സ്ഥാപിച്ച സ്പീഡ് ബ്രെയ്ക്കറുകൾ അപകടം കൂടുതലായി ക്ഷണിച്ചുവരുത്തുന്നു. സ്പീഡ് ബ്രെയ്ക്കറുകളിലിടിച്ച് അപകടങ്ങളുണ്ടാകുകയും മരണങ്ങൾ സംഭവിക്കുകയും ചെയ്യുന്നു. അതുകൊണ്ട് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.റ്റി.പി.

ചൂണ്ടിക്കാണിച്ച കാര്യങ്ങൾ നടപ്പാക്കുന്നതിനും തകർന്ന റോഡുകൾ നവീകരിക്കുന്നതിനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയായ ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ചിട്ടുള്ള വിഷയങ്ങൾക്കുള്ള മറുപടി വളരെ വ്യക്തമായിത്തന്നെ നേരത്തേ സഭയിൽ പറഞ്ഞതാണ്, അദ്ദേഹം വീണ്ടും അത് ഉന്നയിച്ചിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിൽ മഴക്കാലപൂർവ്വ അറ്റകുറ്റപ്പണികൾ പുരോഗമിക്കുന്നതിനിടെയാണ് ഈ സർക്കാർ അധികാരമേറ്റെടുത്തത്. നമുക്കറിയാവുന്നതുപോലെ അതിനുശേഷം മഴ തുടർച്ചയായി പെയ്തുകൊണ്ടിരുന്നു, ബഹുമാനപ്പെട്ട അംഗവും അത് അംഗീകരിക്കുന്ന കാര്യമാണ്. മഴക്കാലപൂർവ്വ അറ്റകുറ്റപ്പണികളുടെ പുരോഗതി വിലയിരുത്തുന്നതിനായുള്ള ഉദ്യോഗസ്ഥ യോഗങ്ങൾ ആദ്യഘട്ടങ്ങളിൽത്തന്നെ എല്ലാ ജില്ലകളിലും വളരെ വേഗത്തിൽ വിളിച്ചുചേർത്തിരുന്നു. വകുപ്പുമന്ത്രിയെന്ന നിലയിൽ എന്റെ നേതൃത്വത്തിൽത്തന്നെ ഒരു ടീം ആ യോഗങ്ങളിൽ പങ്കെടുത്തുകൊണ്ട്

പ്രസ്തുത അറ്റകുറ്റപ്പണികൾ വേഗത്തിലാക്കുന്നതിനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. ലോക്ക്ഡൗൺ, കാലംതെറ്റി പെയ്തുകൊണ്ടിരിക്കുന്ന മഴ തുടങ്ങിയ തടസ്സങ്ങളെല്ലാമുണ്ടായിരുന്നെങ്കിലും അത്തരം പ്രവൃത്തികൾ ഭൂരിഭാഗവും നിശ്ചയിച്ച സമയത്തിനുള്ളിൽത്തന്നെ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. റോഡിലെ കുഴി അടയ്ക്കൽ, ഡ്രെയിനേജ് വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ ഇതിന്റെ ഭാഗമായി നടന്നിരുന്നു. ആദ്യ മഴക്കാലത്തിന്റെ ആദ്യഭാഗം വലിയ പരാതികളില്ലാതെ കടന്നുപോകാനായി എന്നുള്ളകാര്യം അംഗീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾതന്നെ ഇവിടെ പ്രസംഗിച്ചിട്ടുമുണ്ട്. എന്നാൽ ഇപ്പോഴും മഴ നിലയ്ക്കാതെ പെയ്യുന്നത് പൊതുമരാമത്ത് പ്രവൃത്തികൾക്ക് തടസമാകുന്നുണ്ടെന്ന കാര്യം എല്ലാവർക്കും അറിയുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച റോഡ് നിർമ്മാണത്തിലെ മാറ്റം തീർച്ചയായും പരിഗണിക്കേണ്ട പ്രശ്നംതന്നെയാണ്, സർക്കാർ ആ നിലയിൽത്തന്നെയാണ് പ്രസ്തുത വിഷയത്തെ കണ്ടിട്ടുള്ളത്. പക്ഷേ ഇവിടെ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ സൂചിപ്പിക്കാം, അതിലൊന്ന് ഫണ്ടാണ്, നോൺപ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 17.50 കോടി രൂപ അറ്റകുറ്റപ്പണികൾക്കായി ആദ്യഘട്ടത്തിൽ തന്നെ അനുവദിച്ചു. ഇപ്പോൾ

37.97 കോടി രൂപകൂടി പ്രസ്തുത ഫണ്ടിൽനിന്നും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണി ആവശ്യമുള്ള റോഡുകളെ കണ്ടെത്തി പണി നിശ്ചയിക്കുന്നതിനും പ്രവൃത്തി നടത്തുന്നതിലും യാതൊരു തരത്തിലുള്ള കാലതാമസവുമുണ്ടായിട്ടില്ല, ഇവിടെ സൂചിപ്പിച്ച പ്രശ്നങ്ങളൊന്നും അതിന്റെ ഭാഗമായിട്ടുണ്ടായതുമല്ല, മഴ തുടർന്നുപോകുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങളാണ്. അതുപോലെ റോഡ്സ് വിഭാഗം, മെയിന്റനൻസ് വിഭാഗം എന്നിങ്ങനെ പ്രവൃത്തികളെ പ്രത്യേകമായി തിരിച്ച് പുതിയ ഒരു വിഭാഗം (മെയിന്റനൻസ് വിങ്ങ്) വന്നിട്ടുള്ളത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. യാതൊരുതത്തിലുള്ള അവ്യക്തതയും ഈ രണ്ട് വിഭാഗങ്ങൾക്കുമില്ല. ബഹുമാനപ്പെട്ട അംഗം അങ്ങനെ പറഞ്ഞത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസിലായിട്ടില്ല. റോഡ്സ് വിംഗിലെയും മെയിന്റനൻസ് വിംഗിലെയും ഉദ്യോഗസ്ഥരുടെ പ്രത്യേകം യോഗങ്ങൾ വിളിച്ച് എങ്ങനെയൊക്കെ ഇടപെടണമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒരു തരത്തിലുള്ള അവ്യക്തതയും വകുപ്പിനകത്ത് നിലവിൽ ഈ വിഭാഗങ്ങൾ തമ്മിലില്ലെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി എന്ന നിലയിൽ എനിക്ക് പറയാൻ കഴിയും. രണ്ടാഴ്ച കൂടുമ്പോഴെല്ലാം

പി.ഡബ്ല്യൂ.ഡി. മിഷൻ ടീമിന്റെ യോഗം ചേരുന്നുണ്ട്. ആ മീറ്റിംഗിൽ മന്ത്രിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാർ, പി.ഡബ്ല്യൂ.ഡി. സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവരടക്കം പങ്കെടുക്കുകയും ഓരോ വിഷയങ്ങളിലെയും സൂക്ഷ്മാംശം പോലും ചർച്ച ചെയ്യുകയും ചെയ്യാറുണ്ട്, അപ്പോഴൊന്നും ഇത്തരത്തിലുള്ള ഒരഭിപ്രായവും വന്നിട്ടില്ല. വ്യക്തത വരുത്തി മുന്നോട്ടുപോകുന്ന വിഷയങ്ങളിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അതുൾപ്പെടെ മാറ്റിക്കൊണ്ടാണ് റോഡ്സ്, മെയിന്റനൻസ് വിംഗുകൾ ഇപ്പോൾ പ്രവർത്തിച്ചുപോകുന്നത്. യാതൊരുതരത്തിലുള്ള പ്രശ്നവും നിലവിലില്ല. വകുപ്പിന്റെ പ്രവർത്തനത്തിൽ ഈ രണ്ടു വിഭാഗവും വളരെ യോജിപ്പോടുകൂടി പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്ന 78 റോഡ് പ്രവൃത്തികൾക്കായി 360.7 കോടി രൂപയുടെ ഭരണാനുമതി ആഗസ്റ്റ് മാസത്തിൽത്തന്നെ നൽകുകയുണ്ടായി, അതിലൊന്നും ഒരു കാലതാമസവുമുണ്ടായിട്ടില്ല. എം.എൽ.എ.മാർ നിർദ്ദേശിച്ചതുൾപ്പെടെയുള്ള റോഡുകൾ നബാർഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള നിർദ്ദേശവും വകുപ്പ് നൽകിയിട്ടുണ്ട്. മറ്റ് പ്രവൃത്തികളുടെ ഓവർലേ അടക്കമുള്ള കാര്യങ്ങളിൽ മുൻഗണനാ പട്ടിക

വകുപ്പ് പരിശോധിച്ചുവരികയാണ്. കിഫ്ബി പദ്ധതിയുടെ ഭാഗമായിരുന്ന പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ സാധിക്കാതെയിരുന്ന റോഡുകളിൽ അറ്റകുറ്റപ്പണി നടത്തണമെന്ന ആവശ്യം എം.എൽഎ.മാർതന്നെ മുന്നോട്ടുവച്ചിരുന്നു. ഈ പ്രശ്നങ്ങളുടെ ഭാഗമായി കിഫ്ബിയുമായി മാസത്തിലൊരിക്കൽ യോഗം ചേരുന്ന സംവിധാനവും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. എം.എൽ.എ.മാർ കൊണ്ടുവരുന്ന പ്രശ്നം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. അത്തരം നടപടികളുടെ ഭാഗമായി റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താനുള്ള തീരുമാനം വരികയും ചില റോഡുകളുടെ പ്രവൃത്തിയുടെ നടപടിക്രമങ്ങളിലേയ്ക്ക് കടന്നിരിക്കുകയുമാണ്. ഇതൊഴികെയുള്ള റോഡുകളിലെ അറ്റകുറ്റപ്പണികൾ ഉടൻ നടത്തുവാൻ കഴിയുന്ന തരത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്. മഴക്കെടുതിയെ സംബന്ധിച്ച് സൂചിപ്പിച്ചു, കഴിഞ്ഞ കുറച്ച് വർഷങ്ങളായി തുടർച്ചയായുണ്ടാകുന്ന അധിവർഷംമൂലം റോഡുകൾക്ക് സാരമായി തകരാറുകളുണ്ടാകുന്നത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി കഴിഞ്ഞമാസങ്ങളിൽ അപ്രതീക്ഷിതമായുണ്ടായ ന്യൂനമർദ്ദം നമ്മുടെ

പൊതുറോഡുകൾക്ക് കനത്ത നാശമാണ് വിതച്ചത്. റോഡുകൾക്കും പാലങ്ങൾക്കും കാര്യമായ നാശനഷ്ടങ്ങൾ പലയിടത്തും സംഭവിച്ചിട്ടുണ്ട്. മഴ തുടർച്ചയായി പെയ്യുന്നതിനിടയിലും ന്യൂനമർദ്ദ മുന്നറിയിപ്പുകൾ ഇപ്പോഴും മുന്നിലുള്ളതുകൊണ്ട് പ്രവൃത്തി നടത്തുവാൻ കഴിയാത്ത നിലവിലെ സാഹചര്യം മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി കൂടിയായ അങ്ങേയ്ക്ക് മനസിലാകുമെന്ന് ഞാൻ കരുതുകയാണ്. മഴ കുറയുന്ന മുറയ്ക്ക് പ്രസ്തുത റോഡുകളുടെ പ്രവൃത്തി നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു കാര്യം വളരെ പ്രസക്തമാണ്. പുതിയ കാലത്തെ കാലാവസ്ഥാ പ്രശ്നത്തിനനുസരിച്ച് റോഡ് പ്രവൃത്തികളിൽ മാറ്റം വരുത്തേണ്ടതുണ്ട്. അതിനായി ദീർഘകാലാടിസ്ഥാനത്തിൽ ചില പദ്ധതികൾ വകുപ്പ് മുമ്പോട്ടുവച്ചിട്ടുണ്ട്. മഴക്കാലത്ത് നിരന്തരം കുഴിയെന്ന പ്രശ്നം പരിഹരിക്കാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളാണ് വകുപ്പ് ആവിഷ്കരിക്കുന്നത്. റോഡിന്റെ നിലവാരമുയർത്തുകയെന്നത് പരമപ്രധാനമാണ്. അതിനായി കൂടുതൽ റോഡുകൾ ബി.എം.&ബി.സി. (bituminous concrete and bituminous macadam) നിലവാരത്തിലേയ്ക്ക് ഉയർത്തുന്നുണ്ട്. 2016 മുതൽ 2021 വരെ എൽ.ഡി.എഫ്. സർക്കാർ 7700 കി. മീ. ബി.എം.&ബി.സി.

റോഡുകൾ ചെയ്തു. ഈ സർക്കാർ പുതുതായി 15000 കി. മീ. റോഡുകൾ ബി.എം.&ബി.സി. റോഡുകളായി നവീകരണം നടത്താനാണ് ഉദ്ദേശ്യമെന്ന് സഭയെ അറിയിക്കുകയാണ്. അടുത്തതായി പറഞ്ഞ ഡി.എൽ.പി (Defect Liability Period) -യെക്കുറിച്ച് ഈ സഭ നേരത്തെയും ചർച്ച ചെയ്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഡി.എൽ.പി.യിൽപ്പെടുന്ന റോഡുകൾ അറ്റകുറ്റപ്പണി നടത്താതെ പോകുന്നുവെന്ന പ്രശ്നം നിലവിലുണ്ട്. ആ പ്രശ്നം ഒരു വസ്തുതതന്നെയാണ്. ഡി.എൽ.പി. യെക്കുറിച്ച് ശ്രദ്ധക്ഷണിക്കലിൽ വന്നതുകൊണ്ട് ഞാൻ ആവർത്തിക്കുകയാണ്. കേരളത്തിലെ ഡി.എൽ.പി.യിൽ ഉൾപ്പെടുന്ന പ്രവൃത്തികളെക്കുറിച്ച് ജനങ്ങൾ അറിഞ്ഞിരിക്കണം. ജനങ്ങൾക്ക് ചോദ്യം ചെയ്യാം. ജനങ്ങൾ ഇതിന്റെയൊന്നും കാഴ്ചക്കാരല്ല, കാവൽക്കാരാണ്. ഡി.എൽ.പി.യിൽ പെടുന്ന റോഡുകളുടെ അറ്റകുറ്റപ്പണി നടത്താത്ത നിലപാട് കരാറുകാരോ നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരോ സ്വീകരിക്കുകയാണെങ്കിൽ ജനപ്രതിനിധികൾക്കും ജനങ്ങൾക്കും അത് ചോദ്യംചെയ്യാം. കേരളത്തിലെ എല്ലാ ഡി.എൽ.പി.കളുടെ വിശദവിവിരങ്ങളും പി.ഡബ്ല്യു.ഡി.യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. റോഡുകളുടെ രണ്ടറ്റത്തും കാലാവധിയും

കരാറുകാരന്റെ പേരും ഉദ്യോഗസ്ഥന്റെ പേരും ഫോൺ നമ്പറും എഴുതിവയ്ക്കും. ഇക്കാര്യത്തിൽ ആർക്കെങ്കിലും അസ്വസ്ഥതയുണ്ടാകുന്നുണ്ടെങ്കിൽ അതിൽ കാര്യമില്ല, പ്രസ്തുതനടപടി പി.ഡബ്ല്യു.ഡി. മാന്വലിൽത്തന്നെ പറയുന്നുണ്ട്. ഈയടുത്തകാലത്ത് ഇതുവരെയുമില്ലാത്ത ചില പ്രശ്നങ്ങൾ ഇതിന്റെ ഭാഗമായി ആരെങ്കിലും ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചിട്ടും കാര്യമില്ല, ഈ സർക്കാർ ഇക്കാര്യം നടപ്പിലാക്കുകതന്നെ ചെയ്യുമെന്ന് ഈ സഭയെ അറിയിക്കാൻ ഉദ്ദേശിക്കുകയാണ്. അതിന്റെ ഭാഗമായി തെറ്റായ പ്രവണതയിൽ പോകുന്ന ആർക്കെങ്കിലും പരാതിയുണ്ടാകുന്നതോ പരാതിയുടെ ഭാഗമായി പുതിയ പ്രശ്നങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നതുകൊണ്ടോ യാതൊരു കാര്യവുമില്ല. സർക്കാർ അത് നടപ്പിലാക്കുകതന്നെ ചെയ്യും. മൂന്നാമത്തെ പ്രശ്നം റണ്ണിംഗ് കോൺട്രാക്ടാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പുതിയ സംവിധാനങ്ങളുടെ ഭാഗമായുള്ള ഇടപെടലിൽ ഉൾപ്പെടാത്ത, ഡിഫക്ട് ലയബിലിറ്റി പീരീഡിൽ ഇല്ലാത്ത റോഡുകളിൽ അറ്റകുറ്റപ്പണി നടത്തുവാൻ ഒരു സ്ഥിരം സംവിധാനം ആവശ്യമാണ്. ഡി.എൽ.പി. കഴിഞ്ഞശേഷം റോഡിൽ കുഴി രൂപപ്പെട്ടാൽ എന്തുചെയ്യും? അപ്പോൾത്തന്നെ എസ്റ്റിമേറ്റ് എടുക്കുന്നു, ടെണ്ടർ വിളിക്കുന്നു തുടങ്ങിയ നടപടികൾ ചെയ്യുമെങ്കിലും

രൂപപ്പെട്ട കഴിയിൽ ആളുകൾ വീഴുന്ന പ്രശ്നമുണ്ടാകുന്നതിനാൽ ഇത്തരം പ്രവൃത്തികൾക്കായി ഒരു സ്ഥിരം സംവിധാനം ആവശ്യമാണ്. ഡി.എൽ.പി. കാലാവധി കഴിഞ്ഞ റോഡുകൾക്ക് നേരത്തെതന്നെ ടെണ്ടർ വിളിച്ച് കരാർ നൽകുകയെന്നതിനെയാണ് റണ്ണിംഗ് കോൺട്രാക്ട് എന്നു പറയുന്നത്, ഇതാണ് ആവശ്യമായ സ്ഥിരം സംവിധാനം. പ്രസ്തുത സംവിധാനവും കേരളത്തിൽ നടപ്പിലാക്കാൻ പോകുകയാണ്, അതും ജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തും. ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട കരാറുകാർ എന്നിവരുടെ പേരുകൾ ഉൾപ്പെടെ ഇതിലുണ്ടാകും. ഡി.എൽ.പി.യിലുള്ള റോഡുകളിൽ അത് കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമൊരുക്കുകയും കരാറുകാരുടെയും ഉദ്യോഗസ്ഥരുടെയും പേര് പ്രസിദ്ധപ്പെടുത്തുകയും ചെയ്യും. ഇവിടെ പറഞ്ഞ മറ്റൊരുകാര്യം വർക്കിംഗ് കലണ്ടറിലൂടെ പരിഹരിക്കാനാണ് ശ്രമം നടത്തുന്നത്. കാലവർഷ സമയങ്ങളിലെ പ്രവൃത്തി തുടങ്ങുന്നത് ഒഴിവാക്കാൻ വർക്കിംഗ് കലണ്ടർ തയ്യാറാക്കും. ഓരോ പ്രവൃത്തികളും എപ്പോൾ പൂർത്തീകരിക്കണമെന്നത് കലണ്ടറിൽ രേഖപ്പെടുത്തും. ഈ സഭയിലെ മന്ത്രിമാർ, പ്രതിപക്ഷനേതാവ്, കക്ഷി

നേതാക്കന്മാർ തുടങ്ങിയവരോടൊക്കെ സംസാരിക്കുകയും അവരുടെ അഭിപ്രായം അനുസരിച്ചാണ് കേരളത്തിലൊരു വർക്കിംഗ് കലണ്ടർ സംവിധാനം കൊണ്ടുവരാൻ ആലോചിക്കുന്നത്. Output and performance based running road contract-ൽ ഉൾപ്പെടുത്തി core road network-ൽ ഉൾപ്പെട്ട റോഡുകളുടെ പ്രവൃത്തികൾ നടക്കുകയാണ്. അഞ്ച് പാക്കേജുകളിലായി ഈ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കരാറുകാരെ ടെർമിനേറ്റ് ചെയ്യുന്ന സാഹചര്യമുണ്ടായാൽ റീ-ടെണ്ടർ നടപടികൾ സമയബന്ധിതമായി നടത്തുമെന്ന് ഉറപ്പാക്കും. പേരാമ്പ്ര മണ്ഡലത്തിലെ ഒരു ടെർമിനേഷൻ ഇഷ്യൂവിൽ ഒരാഴ്ചക്കകംതന്നെ റീ-ടെണ്ടർ ചെയ്ത സ്ഥിതിയുണ്ടായി. White topping, Full depth reclamation technology, cold-in place recycling തുടങ്ങിയ ടെക്നോളജി ഉപയോഗിച്ചുകൊണ്ടുള്ള പുതിയ നിർമ്മാണ രീതികൾ വ്യാപിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സമയക്കുറവുമൂലം വിശദീകരിക്കുന്നില്ല. ബഹുമാനപ്പെട്ട ശ്രീ. മോൻസ് ജോസഫിനും അക്കാര്യങ്ങൾ അറിയാവുന്നതാണ്.

ശബരിമലയിലേയ്ക്കുള്ള റോഡുകൾ ഉത്സവകാലത്തിനുമുമ്പ് സജ്ജമാക്കാനുള്ള എല്ലാ നടപടികളും പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

നേരത്തെ ഇതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിരുന്നു. ശബരിമല നിർമ്മാണ പുരോഗതി വിലയിരുത്താൻ ജൂലൈ മാസം 3-ന് മന്ത്രിതല യോഗം ചേർന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട് ബഹുമാന്യരായ മുഖ്യമന്ത്രിയും ദേവസ്വം വകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും യോഗം വിളിച്ച് ചേർക്കുകയും പ്രവൃത്തികൾ കൃത്യമായി വിലയിരുത്തുകയും ചെയ്തു. പത്തനംതിട്ടയിലും ഉന്നതതല യോഗം ഇപ്പോൾ നടത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ കളക്ടമാർ, എല്ലാ ചീഫ് എഞ്ചിനീയർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ ഒരു യോഗം പൊതുമരാമത്ത് വകുപ്പുമന്ത്രി പങ്കെടുത്തുകൊണ്ട് നടത്തിയിരുന്നു. ഇപ്പോഴത്തെ കാലവർഷം ശബരിമല റോഡുകളെ ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് കാര്യങ്ങൾ കൂടുതൽ വേഗത്തിലാക്കാൻ ഒരു പ്രത്യേക സംഘത്തെ നിയോഗിച്ചിരുന്നു. പി.ഡബ്ല്യു.ഡി. ജോയിന്റ് സെക്രട്ടറിയും ചീഫ് എഞ്ചിനീയർമാരും അടങ്ങിയ സംഘം അതിനെക്കുറിച്ചൊരു വിശദമായ റിപ്പോർട്ട് നൽകിയതുപ്രകാരം കാര്യങ്ങൾ മുന്നോട്ടുപോകുന്ന ഒരു സ്ഥിതിയാണ് ഇപ്പോഴുള്ളത്. പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞ വർഷത്തെക്കാൾ നൂറ് ശതമാനത്തിലധികം മഴയാണ് ഉണ്ടായതെന്ന് നമുക്കറിയാം. പത്തനംതിട്ട

ജില്ലയുടെ സർവ്വകാല റിക്കാർഡ് മഴയാണ് ഒക്ടോബർ മാസത്തിലുണ്ടായത്. ഇതൊക്കെയാണെങ്കിലും ഇതിൽ ഇടപെട്ട് പരിഹരിക്കാനുള്ള തീരുമാനങ്ങൾ മുന്നോട്ടുപോകുന്നു. 2021-2022 സാമ്പത്തിക വർഷത്തിൽ ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി 293.579 കി.മീ. വരുന്ന അറുപത് പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് അനുമതി നൽകി. 224.97 കോടി രൂപയാണ് ഈ പ്രവൃത്തികൾക്ക് വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഒരു സീസൺ മുൻകൂട്ടി കണ്ടുകൊണ്ട് ശബരിമല പ്രവൃത്തികളെ ക്രമീകരിക്കാൻ ആലോചിക്കുന്ന കാര്യംകൂടി ഈ സഭയിൽ പ്രത്യേകമായി അറിയിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. മേല്പറഞ്ഞ പ്രകാരം എല്ലാപ്രവൃത്തികളും എം.എൽ.എ.-മാരെക്കൂടി ഉൾപ്പെടുത്തി ഒരു ടീമായി നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. അതിനെല്ലാപേരുടെയും പിന്തുണകൂടി പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് വന്ന മറ്റ് ചില വിഷയങ്ങൾ സമയക്കുറവുമൂലം ഞാൻ വായിക്കുന്നില്ല. അദ്ദേഹം ചൂണ്ടിക്കാട്ടിയ എം.സി. റോഡിലെ ബ്ലാക്ക് സ്പോട്ട്, ഉഴവൂർ ടൗൺ ബൈപ്പാസ് ഇഷ്യൂ, കെ. ആർ. നാരായണൻ റോഡ്, എടക്കോലി - കോട്ടയം മെഡിക്കൽ കോളേജ് റോഡ്, വകേത്തറ-കല്ലറ-കപ്പിക്കാട് റോഡ്

തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ മേശപ്പുറത്തുവയ്ക്കുകയാണ്+.

ശ്രീ. മോൻസ് ജോസഫ്: സർ, Defect Liability Period-ന്റെ പ്രശ്നങ്ങൾ അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചു. ഞങ്ങളെല്ലാപേരും ഇതിനെ സ്വാഗതം ചെയ്യുന്നു. നാല്പത് വർഷമായി പി.ഡബ്ല്യൂ.ഡി. മാന്വൽ പുതുക്കാതിരുന്നത് പൊതുമരാമത്ത് മന്ത്രിയായിരിക്കുമ്പോൾ അത് പുതുക്കാൻ നടപടി എടുക്കുകയും അങ്ങേയ്ക്ക് മുമ്പുണ്ടായിരുന്ന മന്ത്രി ഇക്കാര്യത്തിന് എന്നെ പരസ്യമായി അഭിനന്ദിക്കുകയും ചെയ്തതാണ്. പ്രധാനമായും ചൂണ്ടിക്കാണിച്ചത് Defect Liability Period ആയിരുന്നു. അതിനൊന്നും ഒരു തർക്കവുമില്ല, പ്രതിപക്ഷത്തിന്റെ പൂർണ്ണ സപ്പോർട്ടുണ്ട്. ഭരണകക്ഷിയിൽ ആരെങ്കിലും എതിർക്കുന്നുണ്ടോയെന്ന് അങ്ങ് പരിശോധിക്കണം. ഞങ്ങളാരും എതിർക്കുന്നില്ല. ഞങ്ങൾ ഒറ്റക്കെട്ടായി അതിൽ സഹകരിക്കുകയാണ്. ഞങ്ങളെല്ലാവരും അതിന് നടപടി സ്വീകരിച്ചവരുമാണ്. അതുകൊണ്ട് നല്ല ഉദ്ദേശത്തോടുകൂടി ഗവൺമെന്റുമായി പ്രതിപക്ഷം സഹകരിക്കും. ഞാൻ അവ്യക്തത പറഞ്ഞത് ഇപ്പോൾ റോഡ്സ് വിഭാഗവും മെയിന്റനൻസ് വിഭാഗവും വന്നതിൽ മെയിന്റനൻസ് വിഭാഗം തയ്യാറാക്കിയ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനാണ്. ഉദാഹരണത്തിന്

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കോട്ടയം ജില്ലയ്ക്ക് ആവശ്യമായ ഫണ്ട് വന്നിട്ടില്ല. അതുകൊണ്ട് റോഡ്സ് വിഭാഗത്തിന് റീ-ടാറിംഗ് നടത്താനുള്ള തുക ലഭിച്ചിട്ടില്ല. ശബരിമലയുടെ എ.എസ്. ആണ് വന്നിരിക്കുന്നത്. അതുകൊണ്ട് ഇത് എത്രയും വേഗം പരിഹരിക്കണം. മഴക്കാലം മാറുന്ന സമയത്തേ റോഡുകളുടെ അറ്റകുറ്റപണികൾ നടത്താനും റീ-ടാർ ചെയ്യാനും സാധിക്കുകയുള്ളൂ. ഈ സാഹചര്യം കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, Defect Liability Period എൽ.ഡി.എഫ്.ന്റെ നയമാണ്. ആ നയം നടപ്പിലാക്കിക്കൊണ്ടാണ് എൽ.ഡി.എഫ്. മുന്നോട്ട് പോകുന്നത്. പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും എം.എൽ.എ.മാരുമൊക്കെ അതിൽ ഒരു ടീമായി നില്ക്കുന്നതിൽ വളരെ സന്തോഷമുണ്ട്. നമുക്കത് നടപ്പിലാക്കണം. അത് നാടിന്റെ നല്ലതിനുവേണ്ടിയാണ്. ആ നിലയിൽതന്നെ DLP നടപ്പിലാക്കാം. ബഹുമാനപ്പെട്ട മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി കരാറുകാരുടെ സംഘടനയുടെ ഭാരവാഹികൂടിയാണ്. പൊതു റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്താൻ വേണ്ട ചർച്ചകൾ അദ്ദേഹവുമായി വ്യക്തിപരമായി

നടത്താറുണ്ട്. അത് ഇനിയും തുടരാം. അത് തുടർന്നുപോകുന്നതിൽ സന്തോഷമേയുള്ളൂ. അദ്ദേഹം മന്ത്രിയായപ്പോഴുണ്ടായ അനുഭവവും കരാർ സംഘടനയുടെ ഭാരവാഹി എന്നുള്ള അനുഭവവും പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തിയിൽ ഗുണകരമായി മാറ്റുന്നതിന് അത്തരം ചർച്ചകൾ നല്ലതാണെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അത് തീർച്ചയായും തുടരാം. അദ്ദേഹം ചൂണ്ടിക്കാണിച്ച മെയിന്റനൻസ് വിംഗും റോഡ്സ് വിംഗും സംബന്ധിച്ച വിഷയം ഏതെങ്കിലും തരത്തിൽ മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ടെങ്കിൽ പരിശോധിക്കാം. നിലവിൽ അതിനൊരു അവ്യക്തതയില്ല എന്നുള്ളതാണ് അഭിപ്രായം. കോട്ടയം ജില്ലയുടെ പ്രശ്നം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തിയത് പരിഗണിക്കാവുന്നതാണ്.